നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. 2001 ലാണ് ഈ ഫാക്ടറികൾ മുൻ ഉടമകൾക്ക് വിട്ടുകൊടുക്കാൻ ഹൈക്കോടതി ഉത്തരവായത്. വിധിക്കെതിരെ കെ.എസ്.സി.ഡി.സി സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. ഈ ഫാക്ടറികൾ വിട്ടുകൊടുക്കുമ്പോൾ തൊഴിലാളികൾക്ക് ജോലിയും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ജോലിയും മറ്റ് ആനുകൂല്യങ്ങളും നൽകാമെന്ന് ഉടമകൾ ഉറപ്പും നൽകിയിരുന്നു. ഈ ഫാക്ടറികൾ വിട്ടുകൊടുത്ത് രണ്ടര വർഷം കഴിഞ്ഞിട്ടും നാളിതുവരെ ഈ ഫാക്ടറികളിലെ തൊഴിലാളികൾക്ക് ജോലി നൽകാനോ, മറ്റ് ആനുകൂല്യങ്ങൾ നൽകാനോ മുതലാളിമാർ തയ്യാറായിട്ടില്ല. ഈ ഫാക്ടറികളിലെ തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. മുൻ ഉടമകൾക്ക് വിട്ടുകൊടുത്ത എഴുകോൺ, നെടുവത്തൂർ, മുഖത്തല കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് കെ.എസ്.സി.ഡി.സി.യെ ഏൽപിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): മുൻ ഉടമകൾക്ക് വിട്ടുകൊടുത്ത നെടുവത്തൂർ, എഴുകോൺ, മുഖത്തല ഫാക്ടറികൾ ഇതുവരെ തുറന്ന് പ്രവർത്തിപ്പിക്കാത്തതിനാൽ അവർക്കെതിരെ കോർപ്പറേഷൻ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇത് ഗവൺമെന്റ് തിരിച്ച് ഏറ്റെടുക്കുന്നതിന് നിയമോപദേശം തേടുന്നതിനുവേണ്ടി ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകരെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുകൂലമായ നിയമോപദേശം കിട്ടിയാൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

V. പ്രത്യേക പരാമർശം

സഭ സമ്മേളിക്കുമ്പോൾ എം. എൽ. എ. മാർ പങ്കെടുക്കേണ്ട സമിതികൾ യോഗം ചേരാൻ പാടില്ല

മി. സ്പീക്കർ: നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന സന്ദർങ്ങളിൽ എം.എൽ.എ. മാർ നിർബന്ധമായി പങ്കെടുക്കേണ്ട കമ്മിറ്റികൾ കൂടുന്നതിനെ സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇത് പലപ്രാവശ്യം ഇവിടെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ഇതിനെപ്പറ്റി എന്റെ മുൻഗാമി 24-7-2002-ൽ ഒരു റൂളിംഗ് നൽകുകയുണ്ടായി. ആ നിർദ്ദേശം മാനിക്കാതെ യോഗം വിളിക്കുന്നവർക്കെതിരെ ഹൗസിന്റെ പ്രിവിലേജെന്ന് കരുതിത്തന്നെ ആക്ഷനെടുക്കേണ്ടിവരും എന്നാണ് അദ്ദേഹം പ്രകടിപ്പിച്ച വികാരം. ആ ശക്തമായ വികാരം ചെയറിനുമുണ്ട്. ഇത് ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും കർശന നിർദ്ദേശം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എല്ലാ മന്ത്രിമാരും പ്രത്യേകം ശ്രദ്ധിക്കണം. നിയമസഭ വളരെ ചുരുക്കം ദിവസങ്ങളിലല്ലേ കൂടുന്നുള്ളൂ. ആ സമയത്തുതന്നെ യോഗങ്ങൾ വച്ച് എം. എൽ. എ. മാരുടെ അവസരം നിഷേധിക്കുന്നത് തികച്ചും അന്യായമാണ്.

LIBRARY ARCHIVES Kerala Legislative Assembly